**ഖുത്വ്ബ**
**9.9.2005**
**നുസ്റത്ത് ജഹാൻ പള്ളി**
**കോപ്പൺഹേഗൺ (ഡൻമാർക്ക്)**

# ജുമുഅ ഖുത്വ്ബയും നിസ്കാരവും നിർബന്ധമാകുന്നു

يَا أَيُّهَا الَّذِينَ آمَنُوا هَلْ أَدُلُّكُمْ عَلَىٰ تِجَارَةٍ تُنجِيكُم مِّنْ عَذَابٍ أَلِيمٍ
تُؤْمِنُونَ بِاللَّهِ وَرَسُولِهِ وَتُجَاهِدُونَ فِي سَبِيلِ اللَّهِ بِأَمْوَالِكُمْ وَأَنفُسِكُمْ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ

**ഈ** രാജ്യത്ത് വസിക്കുന്ന നിങ്ങളിൽ ഒട്ടുമിക്ക ആളുകളുടേയും പൂർവ്വപിതാക്കൾ അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടിയവരാണ്. അവരുടെ നന്മകൾ കാരണത്താൽ അവർക്ക് വാഗ്ദത്ത മഹ്ദി മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് കിട്ടി. നബിമാരിൽ വിശ്വസിക്കാൻ ഭാഗ്യംകിട്ടുന്നതും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതും അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുതന്നെയാണ്. സത്യനിഷേധത്തിന്റെ അവസ്ഥയിൽ ചെയ്ത നന്മകളും അല്ലാഹു പാഴാക്കിക്കളയുകയില്ല; അതിനും അവൻ പ്രതിഫലം നല്കുന്നു.

അഗ്നി ആരാധകനായ ഒരു മനുഷ്യൻ തോരാതെ പെയ്ത കനത്തമഴയുടെ ദിനങ്ങളിൽ പക്ഷികൾക്ക് ധാന്യം ഇട്ടുകൊടുക്കാറുണ്ടായിരുന്നു. ഒരിക്കൽ തന്റെ വീടിന്റെ മുകൾഭാഗത്ത് ടെറസ്സിൽ അയാൾ പക്ഷികൾക്ക് ധാന്യം ഇട്ടുകൊണ്ടിരുന്ന സന്ദർഭത്തിൽ ആരോ അയാളോടു പറഞ്ഞു: 'അഗ്നി ആരാധകനായ നിന്റെ ഈ കർമ്മത്തിന് എന്തു പ്രതിഫലം കിട്ടാനാണ്. നീ മുസ്ലിമായിരുന്നെങ്കിൽ ഇതിനും നിനക്ക് പ്രതിഫലം കിട്ടുമായിരുന്നു.' ഇതു കേട്ടപ്പോൾ ആ അഗ്നി ആരാധകൻ പറഞ്ഞു: പ്രതിഫലം തരേണ്ടത് നീയല്ല. അല്ലാഹു എന്നോടു എങ്ങനെയാണ് പെരുമാറുന്നതെന്ന് നിനക്കെന്തറിയാം? ഓരോ മതാനുയായികളുടെയും ഉള്ളിൽ സ്വാഭാവികമായ നിലയിൽ ദൈവത്തെക്കുറിച്ചുള്ള ഭാവന എന്തായാലും ഉണ്ടായിരിക്കും.

മുസ്ലിമായ ആ മനുഷ്യൻ, ഹജ്ജ് ചെയ്യുന്നതിനായി മക്കയിൽ പോയപ്പോൾ, ആ അഗ്നി ആരാധകനെ അവിടെ ഹജ്ജ് ചെയ്യാൻ എത്തിയതായി കണ്ട് അത്ഭുതപ്പെട്ടു. നീ ഇവിടെ എങ്ങനെയെത്തിയെന്ന് മുസൽമാൻ അയാളോടു ചോദിച്ചു. അപ്പോൾ ആ അഗ്നി ആരാധകനായിരുന്ന അയാൾ പറഞ്ഞു: ഞാനീ ചെയ്യുന്നത് നന്മയാണെങ്കിൽ എനിക്ക് തീർച്ചയായും പ്രതിഫലം കിട്ടുമെന്ന് ഞാനന്ന് നിന്നോടു പറഞ്ഞത് നീ ഓർക്കുന്നുണ്ടോ? ഇപ്പോൾ ഇസ്ലാം സ്വീകരിക്കാനുള്ള തൗഫീഖ് അതിനു പ്രതിഫലമായി അല്ലാഹു എനിക്കു നല്കി. ഇന്ന് ഞാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹജ്ജും ചെയ്യുന്നു. സത്യവിശ്വാസത്തിന്റെ സമ്പത്തുകൊണ്ട് ഐശ്വര്യവാനുമാണ്.

അല്ലാഹു അതിനിസ്സാരമായ നന്മയെപ്പോലും നഷ്ടപ്പെടുത്തിക്കളയുകയില്ല. ഹസ്റത്ത് മഹ്ദീ മസീഹ്(അ)ന്റെ കാലത്ത് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടിയവരിലും, ഹസ്റത്ത് മഹ്ദീ മസീഹിന്റെ സൽസംഗത്തിലിരിക്കാൻ ഭാഗ്യം കിട്ടിയവരിലും, ആ മഹാത്മാവിൽനിന്ന് നേരിട്ട് അനുഗ്രഹം പ്രാപിക്കാൻ കഴിഞ്ഞവരിലും, അല്ലാഹുവിന്റെ കല്പനയനുസരിച്ച്, അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് കർമ്മം ചെയ്ത് ആദ്യക്കാരുമായി അതായത്, നബി (സ) തിരുമേനിയുടെ കാലത്തുള്ളവരുമായി താദാത്മ്യം പ്രാപിച്ചവരിലും, അങ്ങനെ സ്വഹാബത്തിന്റെ ദർജ അഥവാ പദവി പ്രാപിച്ചവരിലും തീർച്ചയായും നന്മയുണ്ടായിരുന്നു. ഇസ്ലാമിന്റെ അധഃപതനാവസ്ഥ കണ്ട് അവർ ആശങ്കപ്പെട്ടിരുന്നു. അവരിൽ ദൈവസാമീപ്യത്തിനായി ഒരു തിളപ്പ് നിലനിന്നിരുന്നതുകൊണ്ട് അല്ലാഹു അവരുടെ നന്മകളും അവരുടെ ഉത്സാഹവും കണ്ടിട്ട് അവർക്ക് ഹസ്റത്ത് മഹ്ദി മസീഹ് (അ)നെ വിശ്വസിക്കാനും, ആ വിശ്വാസത്തെ പ്രബലമാക്കിക്കൊണ്ടുപോകാനും സൗഭാഗ്യം നല്കി അനുഗ്രഹിച്ചു.

അതിനുശേഷം ഒന്നാം ഖിലാഫത്തിന്റെ കാലഘട്ടത്തിലും രണ്ടാം ഖിലാഫത്തിന്റെ കാലഘട്ടത്തിലും നിങ്ങളിൽ ചിലരുടെ പിതാക്കന്മാരും പ്രപിതാക്കന്മാരുമായ പുണ്യാത്മാക്കൾ ബയ്അത്ത് ചെയ്തു അഹ്മദിയ്യത്ത് സ്വീകരിച്ചു. ആ മഹാത്മാക്കൾ അവർക്ക് മുമ്പേ പണ്ടെപ്പെഴോ ചെയ്ത സൽക്കർമ്മത്തിന്റെ ഫലം പ്രാപിക്കുകയായിരുന്നു. തങ്ങൾക്ക് നല്കിയ ഈ അനുഗ്രങ്ങൾ തങ്ങളുടെ മക്കൾക്കും ലഭിക്കാൻ വേണ്ടി തീർച്ചയായും ആ പുണ്യാത്മാക്കൾ ദുആ ചെയ്തിട്ടുണ്ടാകും.

ഹസ്റത്ത് മഹ്ദീ മസീഹ്(അ)ന്റെ കാലഘട്ടത്തിൽ ആ മഹാത്മാവിനെ വിശ്വസിച്ചവരുടെ ഉപജീവനമാർഗ്ഗത്തിന്റെ അവസ്ഥ മെച്ചപ്പെട്ടതായിരുന്നില്ല. എന്നല്ല, അധികമാളുകളും സാമ്പത്തികമായി വളരെ ബലഹീനരായിരുന്നു. ഇത്തരക്കാർ തന്നെയാണ് നബി

മാരെ ആദ്യം വിശ്വസിക്കുന്നതും. കാരണം പൊതുവെ അവരിലാണ് ദൈവഭയം കൂടുതലുണ്ടാകുക.

ഞാൻ പറഞ്ഞുവന്നത് ആദ്യകാലവിശ്വാസികളെപ്പറ്റിയാണ്. നിങ്ങളിൽ അധികമാളുകളും അവരുടെ മക്കളാണ്. ഇന്ന് ഈ പാശ്ചാത്യരാജ്യങ്ങളിൽ വന്നതിനുശേഷം നിങ്ങളുടെ ഉപജീവനമാർഗ്ഗത്തിന്റെ അവസ്ഥകൾ മുമ്പത്തെക്കാൾ ഒരുപാട് മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ, നിങ്ങളുടെ കഴിഞ്ഞുകടന്ന മഹാത്മാക്കൾക്ക് ഹസ്‌റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് കിട്ടിയ ആ നന്മകളിൽനിന്ന്, നിങ്ങളുടെ ഉപജീവനമാർഗ്ഗത്തിന്റെ മെച്ചപ്പെട്ട ഈ അവസ്ഥകളോ നിങ്ങളുടെ കച്ചവടങ്ങളോ തൊഴിലുകളോ നിങ്ങളെ അകറ്റിക്കൊണ്ടുപോകാൻ പാടില്ല.

ആ പുണ്യാത്മാക്കൾ നന്മകളിൽ പദമൂന്നിയും, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിച്ചും സൽക്കർമ്മങ്ങൾ ചെയ്തും ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചും അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരായി. ഇന്ന് അവരുടെ നന്മകളെ നിലനിറുത്തുന്നതിനായി എപ്പോഴും ശ്രമിക്കേണ്ടത് അവരുടെ മക്കളായ നിങ്ങളുടെ നിർബന്ധകടമയായിത്തീരുന്നു. ആ മഹാത്മാക്കളുടെ ത്യാഗങ്ങളെ എപ്പോഴും മുന്നിൽകാണേണ്ടതാണ്. ഇങ്ങനെ ഈ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയും സൗകര്യങ്ങളും സന്തോഷങ്ങളും നമ്മെ അല്ലാഹുവിൽനിന്ന് അശ്രദ്ധരാക്കരുത്. മനുഷ്യൻ അല്ലാഹുവിൽനിന്ന് അശ്രദ്ധനാകുമ്പോൾ ശയ്ത്വാന്റെ പിടിയിൽ ചെന്നുപെടുന്നു. അങ്ങനെ ഒരുപാട് തിന്മകളിൽചെന്നു ചാടുന്നു. വഴികേടിന്റെ ഗർത്തത്തിൽ ചെന്നുപതിക്കുമ്പോഴായിരിക്കും ബോധം തെളിയുക. അപ്പോൾ മക്കൾ നശിച്ചിട്ടുണ്ടാകും. നമുക്കു വലിയ തെറ്റു സംഭവിച്ചുവെന്ന് അപ്പോഴാണ് മനസ്സിലാകുക. നമ്മൾ ഭൗതികതയിൽ മുഴുകി നമ്മുടെ മക്കളേയും അല്ലാഹുവിനേയും മറന്നു. അവന്റെ തിരുസന്നിധിയിൽ കുമ്പിടുന്നതിനു പകരം നമ്മുടെ തൊഴിലിനും നമ്മുടെ വ്യാപാരങ്ങൾക്കും നമ്മുടെ പ്രവർത്തികൾക്കും കൂടുതൽ പ്രാധാന്യം നൽകി. ഇത്തരം അവസ്ഥയുണ്ടാകുമ്പോൾ പിന്നെ കൈകാലിട്ടടിച്ചിട്ട് കാര്യമില്ല. ഖേദം പ്രകടിപ്പിച്ചിട്ടും പ്രയോജനമില്ല. അതുകൊണ്ടാണ് വിശുദ്ധഖുർആനിൽ, നമ്മുടെ വിശ്വാസപരമായ അവസ്ഥയെ എപ്പോഴും നന്നാക്കിവയ്ക്കാൻ അല്ലാഹു ഉപദേശിച്ചിട്ടുള്ളത്. എങ്ങനെയൊക്കെ നിങ്ങൾക്ക് നിങ്ങളുടെ വിശ്വാസപരമായ അവസ്ഥയെ നന്നാക്കിവയ്ക്കാൻ കഴിയുമെന്നതിന് വിവിധ വഴികളും കാണിച്ചുതന്നിട്ടുണ്ട്. ഇതിന്റെ ഫലമായി നിങ്ങൾ തീയുടെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതാണ്.

ഞാനോതിയ ഖുർആനികവചനത്തിൽ രണ്ട് കാര്യങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. വിശ്വാസികളോടു പറഞ്ഞു: വിശ്വസിച്ചതിനുശേഷം വീണ്ടും അഗ്നികുണ്ഠത്തിൽ ചെന്നു വീഴുന്ന അവസ്ഥ നിങ്ങൾക്കുണ്ടാകരുത്. അതിൽനിന്ന് രക്ഷപ്പെടുന്നതിനായി പറഞ്ഞു: അഗ്നിയുടെ ശിക്ഷയിൽനിന്ന് നിങ്ങളെ രക്ഷിക്കുന്നതും ദൈവസാമീപ്യം നിങ്ങൾക്കു പ്രദാനം ചെയ്യുന്നതും എന്താണ്? അത് കച്ചവടമാണ്; ജീവനും മുതലും അല്ലാഹുവിന്റെ വഴിയിൽ ത്യാഗം ചെയ്യുക. ജീവനും മുതലും കൊണ്ട് അല്ലാഹുവിന്റെ വഴിയിൽ ജിഹാദ് ചെയ്യുക.

ഇക്കാലഘട്ടത്തിൽ, മഹ്ദി മസീഹിനെ വിശ്വസിച്ചുകൊണ്ട് ആദ്യം വന്നവരുമായി, അതായത് സ്വഹാബത്തുമായി നിങ്ങൾക്കു കൂടിച്ചേരാൻ സാധിക്കുമെന്നുള്ള സുവാർത്തയും അല്ലാഹു അറിയിച്ചിട്ടുണ്ട്. മുതലുകൊണ്ടും ജീവൻകൊണ്ടുമുള്ള ആ സ്വഹാബിമാരുടെ ത്യാഗം വളരെ ഉയർന്നതായിരുന്നു. ആ പാതയിലൂടെ നിങ്ങൾക്ക് പദമൂന്നേണ്ടിവരും. ഇക്കാലഘട്ടത്തിൽ ആദ്യം വന്നവരുമായി കൂടിച്ചേരാൻ നിങ്ങൾക്ക് കഴിയുമെന്ന സുവാർത്ത നല്കിയതോടൊപ്പംതന്നെ, കളിതമാശകളേയും കച്ചവടത്തേയും പ്രതിപാദിച്ചുകൊണ്ട് അതിനെക്കാൾ എത്രയോ ഉന്നതമായ നേട്ടങ്ങളാണ് അല്ലാഹുവിൽനിന്ന് കിട്ടുക എന്നും പറഞ്ഞിരിക്കുന്നു. ഇക്കാലത്ത് കളിതമാശകൾക്ക് അതിരുകളില്ലാതായിരിക്കുന്നു. കളിസ്ഥലത്ത് പോകാതെതന്നെ വീട്ടിലിരുന്നുകൊണ്ട് കമ്പ്യൂട്ടറിലും ടെലിവിഷനിലും അതുപോലുള്ള മറ്റു വസ്തുക്കളിലും സമയം പാഴാക്കുകയാണ്. ഒരു പ്രാവശ്യം അതിൽപെട്ടുപോയാൽ, പിന്നെ അതിന്റെ മുമ്പിൽനിന്ന് എഴുന്നേല്ക്കാൻ മനസ്സുവരില്ല. ചില കമ്പ്യൂട്ടർക്കാർക്ക് ഒരുതരം ലഹരിയാണ്. ഇതിന്റെ മുമ്പിൽ ഇരിക്കുമ്പോൾ നിസ്കാരത്തിന്റെ സമയം കഴിഞ്ഞോ എന്നോർമ്മവരില്ല. ജുമുഅ നിസ്കാരത്തിന് പോകുന്നതും മറക്കുന്നു. പിന്നീട് കച്ചവടങ്ങളും, പ്രവൃത്തിയും, തൊഴിലുകളും. ഞാൻ പറയുകയുണ്ടായി ഈ വസ്തുക്കളെല്ലാം നിസ്കാരങ്ങളിൽനിന്നും ജുമുഅയിൽനിന്നും ആരാധനാകർമ്മങ്ങളിൽനിന്നും അശ്രദ്ധമാക്കുന്നവയാണ്. പതുക്കെപ്പതുക്കെ ഇതിൽ മനുഷ്യൻ ഒരുപാട് ഇൻവോൾവ് ആകുമ്പോൾ, ഈമാൻ അഥവാ വിശ്വാസം തികച്ചും അവസാനിച്ചുപോകുന്നു.

ഹദീസിൽ വന്നിരിക്കുന്നു. ഒരു ജുമുഅ ഉപേക്ഷിക്കുമ്പോൾ ഹൃദയത്തിന്റെ ഒരുഭാഗം കറുത്തുപോകുന്നു. പിന്നീട് പതുക്കെപ്പതുക്കെ ജുമുഅ ഉപേക്ഷിച്ചുകൊണ്ടേയിരിക്കുമ്പോൾ ഹൃദയം മുഴുവനും കറുത്തുപോകുന്നു. അതുകൊണ്ട് ജുമുഅയുടെ പ്രാധാന്യം ഓരോ അഹ്മദിയുടേയും മനസ്സിൽ ഉണ്ടായിരിക്കേണ്ടതാണ്. ഒരു പരിപാടിയും ഒരു കളിതമാശയും ഒരു തൊഴിലും ജുമുഅ നിസ്കരിക്കുന്നതിന് തടസ്സമാകാൻ പാടില്ല.

ആ ദിവസത്തിന്റെ അനുഗ്രഹവും, ദുആ സ്വീകാര്യതയുടെ അവസ്ഥയും ഈ ഹദീസിൽനിന്ന് നിങ്ങ

ൾക്കു മനസ്സിലാക്കാം. നബി(സ) തിരുമേനി പറഞ്ഞു: "ആ ദിവസത്തിൽ ഒരു സമയമുണ്ട്. തന്റെ അവശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച് നിസ്കരിച്ചുകൊണ്ടിരിക്കെ മുസ്‌ലിമായ ഒരടിമയും അതുമായി എത്തിമുട്ടുകയില്ല- അവന്റെ ആവശ്യം അല്ലാഹു നിറവേറ്റിക്കൊടുത്തിട്ടല്ലാതെ. അത് വളരെ കുറഞ്ഞ സമയമാണെന്ന് നബി(സ) കൈകൊണ്ട് ആംഗ്യം കാണിച്ചു."

അതുകൊണ്ട് കുറച്ചുനേരത്തേക്ക്, ഖുത്ബ തീരാൻ പോകുന്ന അവസാനസമയത്ത്, ജുമുഅ നിസ്കരിക്കാൻ വന്നിട്ട്, പെട്ടെന്ന് നിസ്കാരത്തിൽ നിന്ന് മുക്തനായി തങ്ങളുടെ ജോലിയ്ക്കുവേണ്ടിയോ, അല്ലെങ്കിൽ കളിതമാശകൾ ഉപേക്ഷിച്ച് നല്ല സമയത്തിനായി മനസ്സില്ലാമനസ്സോടെ പള്ളിയിൽ വന്ന് പെട്ടെന്ന് നിസ്കരിച്ച് ഓടുകയോ ചെയ്യുന്നവർ, ഖുത്ബയും നിസ്കാരത്തിന്റേതന്നെ ഭാഗമാണെന്ന് ഹദീസിൽ പറഞ്ഞകാര്യം ഓർക്കേണ്ടതാണ്. അതുകൊണ്ടാണ് നിസ്കാരം രണ്ട് റക്അത്തായി ചുരുക്കിയത്. അതുകൊണ്ട് അത്തരക്കാർ നബി(സ) തിരുമേനിയുടെ ഈ ഉപദേശം മറക്കാതിരിക്കുകയും സുവിശേഷമറിയിക്കപ്പെട്ട ആ നല്ല സമയത്തിൽനിന്ന് ഫലമെടുക്കുകയും ചെയ്യേണ്ടതാണ്. അതാവശ്യമില്ലാത്തത് ആർക്കാണ്? അതുകൊണ്ട് ജുമുഅ നിസ്കാരത്തിന് അതീവശ്രദ്ധയോടും പൂർണ്ണനിയന്ത്രണത്തോടും കൂടി വരേണ്ടതാണ്. ഇങ്ങനെവരുമ്പോൾ, അല്ലാഹുവിന്റെ തൃപ്തിയും ലഭിക്കുന്നവരായിത്തീരും. നിങ്ങളുടെ ദുആകളും സ്വീകരിക്കപ്പെടും. ഭൗതികമായ നേട്ടങ്ങളും നിങ്ങൾക്കുണ്ടാകും. അതുകൊണ്ട് അല്ലാഹു നിശ്ചയിച്ചിട്ടുള്ള നിർബന്ധകാര്യങ്ങൾ നിർവഹിക്കാൻ ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്.

ശരീരേച്ഛകളോടുള്ള ഇക്കാലത്തെ ജിഹാദ് ഇതുതന്നെയാണ്. ഭൗതികമായ നേട്ടങ്ങൾ, താല്ക്കാലികമാണെന്ന് ഓർത്തുകൊള്ളുക. അതുകൊണ്ട് ദീനിനുവേണ്ടി ആ താല്ക്കാലികനേട്ടങ്ങളെ പരിഗണിക്കാതിരിക്കുക. ശരീരേച്ഛയോടുള്ള പോരാട്ടത്തിൽ എല്ലാത്തരം തിന്മകളേയും ഉപേക്ഷിക്കുന്ന ജിഹാദും ഉൾപ്പെടും. സൃഷ്ടികളോടുള്ള കടമ നിറവേറ്റേണ്ട ജിഹാദും അതിലുണ്ട്. ഇതെല്ലാം ചെയ്യുമ്പോഴാണ് നമ്മൾ വിശ്വാസികളാണെന്നും ഇക്കാലത്തെ ഇമാമിനെ വിശ്വസിക്കുന്നവരാണെന്നും പറയാൻ കഴിയുന്നത്. നമ്മളുടെ പ്രതിജ്ഞ ഇങ്ങനെയാണ്. "അല്ലയോ വാഗ്ദത്ത മസീഹേ(അ)! ഞങ്ങൾ അങ്ങയുടെ ജമാഅത്തിൽ പ്രവേശിച്ചതിനുശേഷം അല്ലാഹുവിനെ എല്ലാ സ്ഥലത്തും ഹാജരുള്ളവനും എല്ലാ കാര്യങ്ങളും കാണുന്നവനുമായി അറിഞ്ഞുകൊണ്ട്, ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു."

ഇങ്ങനെ പ്രതിജ്ഞ ചെയ്തിട്ട്, നമ്മുടെ കർമ്മങ്ങൾ അതിനു വിരുദ്ധമായിത്തീരുകയും കുടുംബബന്ധങ്ങൾക്കും സുഹൃത്ബന്ധങ്ങൾക്കും ജമാഅത്തിന്റെ അന്തസ്സിനേക്കാൾ കൂടുതൽ പ്രാധാന്യം നല്കുകയും ചെയ്യുകയാണെങ്കിൽ നമ്മുടെ വാദങ്ങളെല്ലാം കളവായിത്തീരും.

അതുകൊണ്ട് ഓരോ അഹ്മദിയും ആഴത്തിൽ ചെന്നുകൊണ്ട് തങ്ങളുടെ ജീവൻ അല്ലാഹുവിന്റെ വഴിയിൽ ബലിയർപ്പിക്കാൻ തയ്യാറായിട്ടുണ്ടോ എന്ന് ആത്മപരിശോധന നടത്തുക. ഇക്കാലത്ത് ജീവൻ ബലിയർപ്പിക്കുക എന്നതിന്റെ താൽപര്യം, ശരീരേച്ഛയെ ബലിയർപ്പിക്കുക എന്നതാണ്. ജമാഅത്തിന്റെ അന്തസ്സിനും മറ്റുള്ളവരോടുള്ള കടമകൾ നിറവേറ്റുന്നതിനും വ്യാജമായ തൻപ്രമാണിത്തത്തേയും അഭിമാനത്തേയും അവസാനിപ്പിക്കുന്നതിനും സ്വയേച്ഛകളെ ബലിയർപ്പിക്കേണ്ടതായിവരും.

പിന്നീട് സാമ്പത്തികമായ ത്യാഗമാണ്. അല്ലാഹു നിങ്ങൾക്ക് നല്കിയിട്ടുള്ള സാമ്പത്തിക ഐശ്വര്യത്തിന് അനുസരിച്ചാണോ നിങ്ങൾ ചന്ദ കൊടുക്കുന്നതെന്ന് ഓരോരുത്തരും തങ്ങളെ വിലയിരുത്തിനോക്കുക. ഇന്ദ്രിയാശകൾ ഒരിക്കലും അവസാനിക്കുകയില്ല. ഒന്നിനുശേഷം മറ്റൊന്ന് തയ്യാറായിക്കൊണ്ടേയിരിക്കും. വരുമാനമുള്ള ഓരോ അഹ്മദിയും തന്റെ വരുമാനത്തിന്റെ പതിനാറിലൊരു ഭാഗം തന്റേതല്ല, ജമാഅത്തിന്റേതാണെന്നും അല്ലാഹുവിനു വേണ്ടി അത് കൊടുക്കുന്നുവെന്നും വിചാരിച്ചാൽ, നിങ്ങളുടെ ബഡ്ജറ്റ് ഇവിടെയും ഒരുപാടിരട്ടി വർദ്ധിക്കുമെന്ന് എനിക്കുറപ്പുണ്ട്.

അൽഹംദുലില്ലാഹ്, വസിയ്യത്തിനെക്കുറിച്ച് പറഞ്ഞതിനുശേഷം നിങ്ങളുടെ ജമാഅത്തിലെ മൂസികളുടെ എണ്ണവും ഏകദേശം നാലിരട്ടി വർദ്ധിച്ചിട്ടുണ്ട്. 12-ൽനിന്ന് 46 ആയി ഉയർന്നു. ഇതൊരു ചെറിയ ജമാഅത്താണ്. എന്നാൽ, അത്ര ചെറുതുമല്ല. ഇപ്പോഴും ഇവിടെ ഒരുപാട് സാധ്യതയുണ്ട്. ഈ വർദ്ധനവും ചെറുപ്പക്കാരും സ്ത്രീകളും കാരണത്താൽ മാത്രമുണ്ടായതാണെന്ന് ഞാൻ കരുതുന്നു. എനിക്കത് പരിശോധിക്കാൻ ഇപ്പോൾ കഴിഞ്ഞിട്ടില്ല. പരിശോധിക്കുമ്പോഴാണ് യഥാർത്ഥമായ നില മുമ്പിൽവരുന്നത്. പ്രായംചെന്നവരും നല്ല വരുമാനമുള്ളവരും വസിയ്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ***അൽഹംദുലില്ലാഹ്.*** ചെറുപ്പക്കാരായ ആൺകുട്ടികളും, പെൺകുട്ടികളും അഹ്മദിയ്യത്തിനോടുള്ള ബന്ധം ഊട്ടി ഉറപ്പിക്കുന്നതായി എനിക്ക് കാണാൻ കഴിയുന്നു. അല്ലാഹു അവരുടെ ഈമാനിൽ കൂടുതൽ അഭിവൃദ്ധി നല്കുമാറാകട്ടെ. ചിലപ്പോൾ ചില പ്രായംചെന്നവരുടെ പ്രവർത്തനം കൊണ്ട് ചെറുപ്പക്കാർക്ക് ചതി പറ്റാറുണ്ട്. അതുകൊണ്ട് ചെറുപ്പക്കാരുടെ ഈ ബന്ധവും ആത്മാർത്ഥതയും കൂടുന്ന കാരണത്താൽ ജമാഅത്തിലെ മുതിർന്നവരുടെ ഉത്തരവാദിത്തവും കൂടുന്നുണ്ട്. ആരുടേയും ചതിക്ക്

കാരണക്കാരാകാതിരിക്കാൻ കൂടുതൽ ശ്രദ്ധയോടു കൂടി തങ്ങളുടെ മാതൃക അവർ നിലനിറുത്തേണ്ടതാണ്. ഇന്ദ്രിയാശകൾ ബലിയർപ്പിക്കുന്നതിലും സാമ്പത്തികത്യാഗത്തിലും കൂടുതൽ മുന്നേറുക. നിങ്ങളുടെ മഹാത്മാക്കളുടെ മാതൃകകളും ആദ്യമുണ്ടായിരുന്ന നിങ്ങളുടെ അവസ്ഥകളും ഇപ്പോഴുണ്ടായിട്ടുള്ള മെച്ചപ്പെട്ട അവസ്ഥകളും നോക്കി അല്ലാഹുവിന് ശുക്ർ ചെയ്യുക. സ്വന്തം കാര്യങ്ങളിൽ അത് വെളിപ്പെടുത്തുന്നതിനോടൊപ്പം, അല്ലാഹുതആലക്ക് കൊടുത്തുകൊണ്ടും അത് വെളിപ്പെടുത്തുക എന്നതാണ് നന്ദി രേഖപ്പെടുത്തുന്നതിനുള്ള രീതി. ഓരോ ത്യാഗത്തിനും ആദ്യത്തെക്കാളുപരി ഉത്സാഹത്തോടെ പങ്കെടുക്കുക. ഞാൻ പറഞ്ഞതുപോലെ, വരുംതലമുറയ്ക്കുവേണ്ടി സൽമാതൃക നിലനാട്ടുക. ഇതൊക്കെയാണ് നിങ്ങളുടെ ഈമാന് കരുത്തുപകരുന്നത്. അത് അഹ്മദിയ്യത്തിന്റെ യുവതലമുറയ്ക്ക് ജമാഅത്തിനോടുള്ള ഉത്തമമായ ബന്ധം സ്ഥാപിക്കാനും നന്മകളിൽ വളരാനും കാരണമാകും. ചെറുപ്പക്കാരോട് ഞാൻ പറയട്ടെ, നിങ്ങൾ നല്ല ബോധമുള്ള പ്രായത്തിലാണുള്ളത്. അതുകൊണ്ട് ജമാഅത്തുമായിട്ടുള്ള നിങ്ങളുടെ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുക. നിങ്ങൾ സൽമാതൃക കാഴ്ചവെക്കുക. ഹസ്റത്ത് മഹ്ദി മസീഹ്(അ)ന്റെ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കുക. എവിടെയെങ്കിലും ദോഷം കണ്ടാൽ, ഉടനെ ആക്ഷേപം പറഞ്ഞുനടന്ന് സ്വയം ചതിയിൽ വീഴരുത്. അല്ലാഹുവുമായിട്ടുള്ള ബന്ധം ശക്തിപെടുത്തുകയാണ് വേണ്ടത്. ഈ സമൂഹത്തിൽ ഓരോ സ്റ്റെപ്പിലും അഴുക്കുകളും നാണംകെട്ടപ്രവൃത്തികളുമാണ്. അതിൽനിന്നെല്ലാം നിങ്ങളെ രക്ഷിച്ചുനിർത്തുകയും ദൈവസവിധത്തിൽ കുനിയുകയും നിസ്കാരങ്ങളെ സംരക്ഷിക്കുന്നവരായിത്തീരുകയും ചെയ്യുക. കാരണം, ഇതുമുഖേനയാണ് അല്ലാഹുവുമായിട്ടുള്ള നിങ്ങളുടെ ബന്ധം കൂടുതൽ കരുത്താർജ്ജിക്കുന്നത്. അല്ലാഹുവുമായിട്ടുള്ള ബന്ധം കൂടുമ്പോൾ നന്മകളിലും മുന്നേറ്റമുണ്ടാകും. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് കൂടുതൽ ചിന്തയും വിചാരവുമുണ്ടാകുകയും. ഈമാൻ കൂടുതൽ അഭിവൃദ്ധിപ്പെടുകയും ചെയ്യും.

നമ്മൾ ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചു, അതുമതി എന്നതിൽ സന്തോഷിക്കരുത്. വിശ്വസിച്ചതിനുശേഷമുള്ള ആദ്യത്തെ സ്റ്റെപ്പാണത്. ഈമാനിൽ അഭിവൃദ്ധി ഉണ്ടാകുമ്പോഴാണ് മുഅ്മിൻ എന്ന് പറയപ്പെടുന്നത്. ഇല്ലെങ്കിൽ നബി(സ) തിരുമേനിയുടെ കാലത്ത് അറിവും വിവരവുമില്ലാത്ത ചിലയാളുകൾ വിശ്വസിച്ചപ്പോൾ, നിങ്ങൾ വിശ്വസിച്ചു എന്നതും മുസ്ലിം ആയി എന്നതും ശരിതന്നെ, പക്ഷേ, നിങ്ങൾക്ക് ഈമാന്റെ ഉന്നതമായ നില കരസ്ഥമായിട്ടില്ല എന്ന് ആരെക്കുറിച്ച് പറഞ്ഞുവോ അവരിൽ നമ്മളും പെട്ടുപോകും. ഇപ്പോഴും സാധ്യതകൾ വളരെയേറെയുണ്ട്. ഈമാനിൽ പുരോഗതി നേടുമ്പോഴാണ് യഥാർത്ഥ മുഅ്മിൻ എന്നുപറയപ്പെടുക. നബി (സ) തിരുമേനിയുടെ പവിത്രമായ ശക്തി ആദ്യദിവസംതന്നെ ആ ബദ്വികളിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. അപ്പോഴും അല്ലാഹു പറഞ്ഞു: ഒരുപാട് സാധ്യതകൾ ഇനിയുണ്ടെന്ന്.

ഇക്കാലത്ത് സാധ്യതകൾ വളരെയേറെ നമ്മുടെ മുമ്പിലുണ്ട്. വിശുദ്ധഖുർആനിൽ അല്ലാഹു അഅ്റാബികളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു. ***ഖാലത്തിൽഅഅ്റാബു ആമന്നാ- ഖുൽ ലംതുഅ്മിനൂ വലാക്കിൻ ഖൂലൂ അസ്ലംനാ വലമ്മാ യദ്ഖുലിൽ ഈമാനു ഫീ ഖുലൂബിക്കും*** *(49:15)*

ഞാൻ വിശ്വസിച്ചിരിക്കുന്നുവെന്ന് ആ ബദവികൾ പറയുന്നു. പറയുക നിങ്ങൾ വിശ്വസിച്ചിട്ടില്ല. എന്നാൽ, ഞങ്ങൾ മുസ്ലിമായിരിക്കുന്നുവെന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക. നിങ്ങളുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം ഇതുവരെ കടന്നിട്ടില്ല.

അതുകൊണ്ട് നവഅഹ്മദികളോ, പഴയഅഹ്മദികളോ വൃദ്ധരോ യുവാക്കളോ ആരുമായിക്കൊള്ളട്ടെ, വെറും വിശ്വസിച്ചതുകൊണ്ടുമാത്രം പൂർണ്ണവിശ്വാസിയാകുകയില്ല, പ്രത്യുത അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും നന്മകളിൽ മുന്നോട്ടുകുതിക്കുകയും വേണം എന്ന കാര്യം ഓർമ്മിക്കുക. ***ഫസ്തബിഖുൽ ഖയ്റാത്ത്*** നന്മകളിൽ അഹമഹമികയാ മുന്നേറുകതന്നെ വേണം. അത് വിശ്വാസത്തിന് കരുത്തുപകരും. ഈമാനിൽ ശക്തിയുണ്ടാകുമ്പോൾ മുതലും ജീവനും ബലിയർപ്പിക്കാൻ ഒരു സത്യവിശ്വാസിയും മടിക്കുകയില്ല. ഈ ശക്തി അല്ലാഹുവിന്റെ അനുഗ്രഹം മുഖേനയാണ് ലഭിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹം കിട്ടുന്നത് അവന്റെ ദാസനായിരിക്കുമ്പോഴുമാണ്.

ഹസ്റത്ത് മഹ്ദീ മസീഹ്(അ) പറയുന്നു: ഭക്തി വിനയാദിനമ്ര ഭാവങ്ങൾ, ഈമാൻ അഥവാ വിശ്വാസത്തിന് ഒരു ബീജം പോലെയാണ്. വ്യർത്ഥമായ കാര്യങ്ങൾ ഉപേക്ഷിക്കുമ്പോൾ, ഈമാൻ അതിന്റെ മൃദുലമായ മുളകൾ പുറത്തേക്കുകൊണ്ടുവരുന്നു. പിന്നീട് തന്റെ ധനം സക്കാത്ത് എന്ന നിലയിൽ കൊടുക്കുമ്പോൾ വിശ്വാസപരമായ മരത്തിന് ശാഖകളുണ്ടാകുന്നു. അത് അതിനെ ഒരുപരിധിവരെ ശക്തിപ്പെടുത്തുന്നു. കമ്പം തോന്നുന്ന കാര്യങ്ങളോട് പോരാടുമ്പോൾ ആ ശാഖകൾക്ക് കൂടുതൽ ഉറപ്പും ബലവുമുണ്ടാകുന്നു. അതിനുശേഷം ചെയ്ത പ്രതിജ്ഞ നിറവേറ്റുകയും അമാനത്തുകളുടെ എല്ലാ ശാഖകളേയും സംരക്ഷിക്കുകയും ചെയ്യുമ്പോൾ സത്യവിശ്വാസത്തിന്റെ വൃക്ഷം അതിന്റെ തായ്ത്തടിയിൽ സ്വയമേവ നിലകൊള്ളാൻ പ്രാപ്തമായി

ത്തീരുന്നു. പിന്നീട് കായ്ക്കുന്ന നേരത്ത് മറ്റൊരു ശക്തിയുടെ അനുഗ്രഹം അതിലുണ്ടാകുന്നു. ആ ശക്തി ലഭിക്കുന്നതിനുമുമ്പേ, മരത്തിൽ കായ് പിടിക്കുകയോ അത് പുഷ്പിക്കുകയോ ചെയ്യുകയില്ല."

ഭക്തിവിനയാദിനമ്ര ഭാവങ്ങൾ ഉണ്ടാകാത്തിടത്തോളം, ഇന്ദ്രിയാശകളെ ബലി കൊടുക്കാനുള്ള ആവേശം ഉണ്ടാകുകയില്ല. ഈമാൻ വളരുകയുമില്ല. ഈ വിനയവും ഇന്ദ്രിയാശകളുടെ ബലിയും ഉണ്ടാകുകയാണെങ്കിൽ, അതിനർത്ഥം നിങ്ങളുടെ മനസ്സിൽ, മനസ്സിന്റെ മണ്ണിൽ ഈമാനിന്റെ വിത്ത് വിതയ്ക്കപ്പെട്ടു എന്നാണ്. അതുകൊണ്ട് നിങ്ങളിൽ ഈമാൻ ഉണ്ടാക്കുന്നതിന് നിങ്ങളുടെ ഉള്ളിൽ ആദ്യം വിനയത്തിന് ഇടം നല്കുക.

വ്യർത്ഥമായ കാര്യങ്ങളെക്കുറിച്ചും പറയുകയുണ്ടായി; അതിൽ കളിതമാശകളുണ്ട്. ആരാധനകളെ തടയുന്ന കളിതമാശകളുണ്ട്. ഈ വ്യർത്ഥമായ കാര്യങ്ങൾ പിന്നീട് വ്യാജമായ തൻപ്രമാണിത്തത്തിലേക്കും ദുരഭിമാനത്തിലേക്കും കൊണ്ടുപോകുന്നതാണ്. ഇതുകൂടാതെ വിവിധതരം തിന്മകളുണ്ട്. ആദ്യം ചെയ്യേണ്ടത്, വിനയം സ്വായത്തമാക്കുക എന്നതാണ്. എന്നാൽ, ഈമാൻ മനസ്സിൽ കുടിയിരിക്കും. എന്നിട്ട് വ്യർത്ഥവും നിരർത്ഥവുമായ കാര്യങ്ങളെ ഉപേക്ഷിക്കാൻ തുടങ്ങുക. ജനങ്ങളുടെ അവകാശങ്ങൾ ധ്വംസിക്കുന്നതിൽനിന്ന് പിന്മാറുന്നതിലൂടെ വിനയം കൈക്കൊണ്ടകാരണത്താൽ ലഭിച്ച ഈമാന്റെ ഈ വിത്ത് വീണ്ടും മുളയ്ക്കാൻ തുടങ്ങും. വയലുകളിൽ ചെടികൾ മുളപൊട്ടുന്ന അവസ്ഥ നിങ്ങൾ ഇവിടെയും കണ്ടിട്ടുണ്ടാകും. മണ്ണും മുളയും രണ്ടും കാണാൻ കഴിയും. മനസ്സിന്റെ മണ്ണിൽ ഈമാന്റെ കരുത്തിനായി വിതച്ച ഈ വിനയത്തിന്റെ വിത്ത് മുളച്ചു തുടങ്ങുന്നതാണ്. എല്ലാതരം വ്യർത്ഥമായ കാര്യങ്ങളിൽനിന്നും നിങ്ങൾ രക്ഷപ്പെടുകയും, ദോഷങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുമ്പോഴുണ്ടാകുന്നവസ്ഥ വളരെ മൃദുലമായിരിക്കും. അത് പൂർണ്ണമായ നിലയിൽ മണ്ണിനെ പൊതിഞ്ഞിട്ടുണ്ടാവില്ല. കാലിന്നടിയിൽപെട്ട് അത് നശിച്ചുപോയേക്കാം. ശയ്ത്വാന്റെ ആക്രമണങ്ങളാൽ അത് നാമാവശേഷമായേക്കാം. തൻപ്രമാണിത്തത്തിന്റേയും ദുരഭിമാനത്തിന്റേയും അടിയിൽപെട്ട് അരഞ്ഞുപോയേക്കാം.

സക്കാത്ത് കൊടുക്കുക എന്ന് തുടർന്നു പറഞ്ഞു. അനുവദനീയമായി സമ്പാദിച്ച മുതലുകളിൽനിന്ന് സക്കാത്ത് കൊടുക്കുകയാണെങ്കിൽ ആ മുതൽ പരിശുദ്ധമായിത്തീരും. സാമ്പത്തികമായ ഞെരുക്കം കൊണ്ട് മദ്യം വിറ്റും അതുപോലുള്ള മറ്റ് ദുഷ്പ്രവർത്തനങ്ങൾ ചെയ്തും സമ്പാദിക്കുന്ന ധനത്തിൽനിന്ന് ചന്ദ കൊടുത്താൽ അത് ആ ധനത്തെ പരിശുദ്ധമാക്കുകയില്ല. സക്കാത്തിന്റെ അർത്ഥം പരിശുദ്ധ മുതൽ എന്നാണ്. മുതലിനെ പരിശുദ്ധമാക്കുന്നതിനം, ആത്മീയതയെ ശുദ്ധീകരിക്കുന്നതിനുംവേണ്ടി ധനപരമായ ത്യാഗം ചെയ്യുക.

ചില അനഹ്മദികളുണ്ട്. അവർ അനുവദനീയമല്ലാത്ത മാർഗ്ഗം തങ്ങളുടെ കച്ചവടങ്ങളിൽ അവലംബിക്കുന്നു. ജനങ്ങളെ കൊള്ളയടിക്കുന്നു. മോശപ്പെട്ട സാധനങ്ങൾ വില്ക്കുന്നു. അതിന്റെ ഗുണനിലവാരം നല്ലതായിരിക്കുകയില്ല. മദ്യം വില്ക്കുന്നവരുമുണ്ട്. എന്നിട്ട് ഹജ്ജിനുപോയി അല്പസ്വല്പം സദഖ കൊടുത്താൽ മനസ്സിലാക്കുന്നത് തങ്ങൾ വലിയ സൽക്കർമ്മം ചെയ്തുവെന്നാണ്. തിരിച്ചുവന്നിട്ട് അതേപണി വീണ്ടും തുടങ്ങുന്നു. അത്തരം ഹജ്ജും അത്തരം സദഖയും പ്രയോജനപ്പെടുകയില്ല.

അല്ലാഹു നിങ്ങളെ ശുദ്ധീകരിക്കാൻ പരിശുദ്ധമായ ധനമാണ് നിങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നത്. ഈ പരിശുദ്ധമായ ധനത്താൽ മനഃപരിശുദ്ധി ഉണ്ടാകുമ്പോൾ ആദ്യം പറഞ്ഞ രണ്ട് നന്മകളിൽ അത് പെടുകയും ധനത്യാഗത്തിലേക്ക് ശ്രദ്ധയുണ്ടാകുകയും ഈമാനിന്റെ ചെടി വളരുകയും അതിൽ ശാഖകളുണ്ടാകുകയും ചെയ്യുന്നു. പിന്നീടത് മൃദുലമായ ചെടിയായിരിക്കുകയില്ല. അതുകൊണ്ട് ഈമാനിന്റെ ചെടിയുടെ വളർച്ചയ്ക്ക് പരിശുദ്ധധനത്തിൽനിന്നുള്ള ത്യാഗവും അത്യാവശ്യമാണ്.

പിന്നീട് പറഞ്ഞത് കമ്പം തോന്നുന്ന കാര്യങ്ങളാണ്. അതിനെ നിയന്ത്രിക്കുകയും ചെയ്യണം. ഈ രാജ്യങ്ങളിൽ പൂർണ്ണസ്വാതന്ത്ര്യങ്ങളുള്ളതിനാൽ ഒരുപാട് അസാന്മാർഗ്ഗിക പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. മുക്കിന് മുക്കിന് അഴുക്കുകളും എങ്ങും ഇന്ദ്രിയാശകളുടെ അതിപ്രസരവുമാണ്. ഇതിലകപ്പെട്ട് മനുഷ്യൻ തന്റെ ഈമാന്റെ ചെടിയെ ബലഹീനമാക്കുന്നു.

ആത്മാവിനുമേൽ തിന്മയെ വിജയിക്കാനനുവദിക്കാതിരിക്കുമ്പോൾ മൃദുലമായ ഈ ശാഖകളും ശക്തി വയ്ക്കാൻ തുടങ്ങും. ഇക്കാര്യങ്ങളെല്ലാം ലഭിക്കുമ്പോൾ ഈമാൻ കൂടുതൽ കരുത്തുള്ളതായിത്തീരും.

ഈമാനെ ശക്തിപ്പെടുത്താനുള്ള മറ്റൊരു കാര്യമാണ് പ്രതിജ്ഞാപാലനം. ഓരോ അഹ്മദിയുടെയും ഏറ്റവും വലിയ പ്രതിജ്ഞ ഇക്കാലത്തെ ഇമാമിനോട് ചെയ്തിട്ടുള്ളതാണ്. മസീഹ് മൗഊദ് (അ)ന്റെ മുന്നിൽ ചെയ്ത ബയ്അത്തിന്റെ പ്രതിജ്ഞകളെ സംബന്ധിച്ച് ഓരോരുത്തരും ആത്മപരിശോധന നടത്തുക. ആ പത്ത് പ്രതിജ്ഞകൾ നിങ്ങൾ പാലിക്കുന്നുണ്ടോ?

അല്ലാഹുവേ, ഞാൻ ഈ ബയ്അത്തിന്റെ നിബന്ധനകൾ മറന്നിരിക്കുകയായിരുന്നു, ഇപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ അത് പുതുക്കിയിരിക്കുകയാണ്. അത് പൂർത്തിയാക്കാൻ തൗഫീഖ് തരേണമേയെന്നും എന്റെ കഴിഞ്ഞ പാപങ്ങൾ പൊറുക്കേണമേയെന്നും ഓരോ അഹ്മദിയും

പ്രാർത്ഥിക്കുന്നുണ്ടാകും.

പിന്നീട് ഭാരവാഹികൾ ചെയ്യുന്ന പ്രതിജ്ഞയാണ്. അവരെ ഏല്പിച്ചിട്ടുള്ള അമാനത്തുകളുമുണ്ട്. തങ്ങളിലർപ്പിതമായ ഉത്തരവാദിത്തവും അമാനത്തും എത്രത്തോളം കാത്തുസൂക്ഷിക്കുന്നുണ്ടെന്ന് അവരും വിലയിരുത്തണം. ഈമാനെ വളർത്തുന്നതിനും, ഈമാന്റെ ചെടിയെ സംരക്ഷിക്കുന്നതിനും അതിന് വെള്ളം കോരുന്നതിനും പകരം അത് ഉണക്കുകയാണോ എന്ന് പരിശോധിക്കുക. കാരണം ഈമാന്റെ ഉറപ്പിന് എല്ലാ വശത്തും ദൃഷ്ടി പായിക്കേണ്ടതുണ്ട്. അതുകൊണ്ട്, ഈമാൻ മുരടിച്ചുനില്ക്കുന്ന അവസ്ഥയുണ്ടോ എന്ന് പരിശോധിക്കുക. നന്മകളിൽ അഭിവൃദ്ധിപ്പെടുക എന്നതാണ് കല്പന. നന്മകളിൽ തടസ്സം നേരിട്ടാൽ ഈമാന്റെ വളർച്ച മുരടിക്കും. ഈ പ്രതിജ്ഞകൾക്ക് പരിധിയില്ല. ഒന്നു മാറുമ്പോൾ വേറൊന്ന് രംഗത്തുവന്നുകൊണ്ടേപോകും.

ഒരു പ്രതിജ്ഞ നിറവേറ്റിക്കഴിഞ്ഞാൽ അടുത്ത പ്രതിജ്ഞ മുന്നിൽവന്നുകൊണ്ടേപോകും. ഒരു സൂക്ഷിപ്പുമുതൽ തിരിച്ചുകൊടുത്തുകഴിഞ്ഞാൽ അടുത്ത സൂക്ഷിപ്പുമുതൽ തിരിച്ചുകൊടുക്കുന്നതിലുള്ള ശ്രദ്ധയുണ്ടാകുന്നു. അതൊരു സാധാരണ അഹ്മദിയിൽനിന്നാവട്ടെ, ഭാരവാഹികളിൽനിന്നാവട്ടെ അല്ലെങ്കിൽ ഉത്തരവാദപ്പെട്ടവരിൽനിന്നാവട്ടെ. അതൊരിടത്ത് നില്ക്കുകയില്ല. ഈമാനിനെ ശക്തിപ്പെടുത്തുന്നതിനായി നിങ്ങൾ എല്ലാം ചെയ്തുകഴിഞ്ഞാലും നിങ്ങൾക്കും മറ്റുള്ളവർക്കും പ്രയോജനം ചെയ്യുന്ന പഴം അതിൽ പിടിക്കുകയില്ല. അതിന് വേറൊരുശക്തി സംഭരിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ കൂടുതൽ അനുഗ്രഹങ്ങൾ സമ്പാദിക്കേണ്ട ആവശ്യമുണ്ട്. ചുരുക്കത്തിൽ ജീവിതാവസാനംവരെ തുടർന്നുകൊണ്ടുപോകേണ്ട കർമ്മമാണിത്. ഈ നന്മകളിലും ഈമാൻ ശക്തിപ്പെടുത്തുന്നതിനുള്ള പരിശ്രമത്തിലും കൃത്യനിഷ്ഠ ഉണ്ടാകുമ്പോൾ, അത് സ്വയം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതായിത്തീരും. അതുകൊണ്ട് ഓരോ അഹ്മദിയും തങ്ങളുടെ എല്ലാ കർമ്മങ്ങളുംകൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. ഈ അവസ്ഥ ഉണ്ടായിക്കഴിഞ്ഞാൽ ആദ്യത്തെക്കാൾ കൂടുതൽ നിങ്ങൾ നിങ്ങളുടെ ചുറ്റുപാടിൽ സ്വാധീനമുള്ളവരായിത്തീരും. ജനങ്ങളോടുള്ള സഹതാപം കണക്കിലെടുത്ത് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ സന്ദേശം അവർക്കെത്തിച്ചുകൊടുക്കുകയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുകയും ചെയ്യുക. നിങ്ങൾ ആ ഭാഗത്തേക്ക് ശ്രദ്ധിക്കുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങളുടെ ഈമാനിലും പുരോഗതി നേടുന്നവരായിത്തീരട്ടെ. അഹ്മദിയ്യത്തിന്റെ മനോഹരമായ അദ്ധ്യാപനം ലോകത്തിന് പറഞ്ഞുകൊടുക്കുന്നവരായിത്തീരട്ടെ.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ലോകത്തുനിന്ന് കളഞ്ഞുപോയ യഥാർത്ഥമായ ഈശ്വരജ്ഞാനത്തേയും അപ്രത്യക്ഷമായ യഥാർത്ഥ തഖ്‌വയേയും പരിശുദ്ധിയേയും വീണ്ടും സ്ഥാപിക്കുന്നതിനുവേണ്ടിയാണ് അല്ലാഹു ഈ ജമാഅത്തിനെ രൂപീകരിച്ചത്.

വീണ്ടും പറയുന്നു: "ആകയാൽ, എന്റെ ജമാഅത്തിൽ ഉൾപ്പെട്ടവരായി സ്വയം കണക്കാക്കുന്ന അല്ലയോ ജനസാകല്യമേ, ഭയഭക്തിയുടെ വഴിയിൽ ചരിക്കുമ്പോൾ മാത്രമേ സത്യമായും എന്റെ ജമാഅത്തിൽപ്പെട്ടവരായി ദൈവസന്നിധിയിൽ നിങ്ങൾ എണ്ണപ്പെടുകയുള്ളൂ. നിങ്ങളുടെ അഞ്ചുനേര നിസ്കാരം നിങ്ങൾ അല്ലാഹുവിനെ കാണുന്നു എന്ന നിലയിൽ ഭയത്തോടും ഭക്തിയോടും ആദരവോടും കൂടി അനുഷ്ഠിക്കുവിൻ, സക്കാത്ത് നല്കാൻ അർഹനായിട്ടുള്ള ഓരോ ആളും സക്കാത്ത് നല്കട്ടെ; ആർക്ക് ഹജ്ജ് നിർബന്ധമാണോ, തടസ്സങ്ങളൊന്നുമില്ലെങ്കിൽ അവൻ ഹജ്ജ് ചെയ്യട്ടെ! നന്മകൾ ശരിയായരൂപത്തിൽ അനുഷ്ഠിക്കുകയും തിന്മകളെ അറപ്പോടെ വിട്ടൊഴിയുകയും ചെയ്യുവിൻ! ഭക്തിശൂന്യമായ ഒരു കർമ്മവും ദൈവത്തിന്റെ അടുക്കലോളം എത്തുകയില്ലെന്നു നിങ്ങൾ ദൃഢമായും ഓർത്തുകൊള്ളുവിൻ."

നന്മ നിറവേറ്റുന്നതിനുള്ള നിർബന്ധകാര്യങ്ങൾ പൂർണ്ണമായും ചെയ്യേണ്ടതാണ്. തിന്മയിൽനിന്ന് ഉണർന്നിരിക്കേണ്ടതാണ്. അതിലേക്ക് ശ്രദ്ധയെ ഉണ്ടാകാൻ പാടില്ല. ഈ തഖ്‌വതന്നെയാണ് ഈമാനെ വളർത്തുന്നത്. അതുകൊണ്ട് ഞാൻ പറഞ്ഞതുപോലെ നിങ്ങൾ എപ്പോഴും ആത്മപരിശോധന നടത്തുക. ആത്മപരിശോധന നടത്തുമ്പോൾ തെറ്റുകൾ മുമ്പിൽവരികയും അത് ദൂരീകരിക്കാൻ അവസരം കിട്ടുകയും ചെയ്യും. അല്ലാഹു അവന്റെ തൃപ്തി കരസ്ഥമാക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അവന്റെ തൃപ്തി കരസ്ഥമാക്കിക്കൊണ്ട് നന്മകളിൽ ചരിക്കുന്നവരായിത്തീരട്ടെ. (*ആമീൻ*)

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 9.9.2005 at Nusrath Jahan Mosque, Denmark

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala